# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 9

# വാർത്താക്കുറിപ്പ്

## പ്രിൻസിപ്പൽമാരുടെ യോഗം ഇന്ന് (ജനുവരി 10)

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം ഇന്ന് (ജനുവരി 10) രാവിലെ 10.30ന് സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കും.

(പി.ആർ.ഒ/39/48/2020)

## ആറാം സെമസ്റ്റർ ബിരുദം, രണ്ടാം സെമസ്റ്റർ പി.ജി. പരീക്ഷകളുടെ ചോദ്യബാങ്ക് ഫെബ്രുവരി 15നകം

ബിരുദ ആറാം സെമസ്റ്റർ ബിരുദത്തിന്റെയും രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകളുടെയും ക്വസ്റ്റ്യൻ ബാങ്ക് തയാറാക്കാൻ മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റ് ഹാളിൽ നടന്ന യു.ജി., പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്മാരുടെ യോഗം തീരുമാനിച്ചു. ജനുവരി 30നകം യു.ജി. ആറാം സെമസ്റ്റർ പരീക്ഷയുടെയും ഫെബ്രുവരി 15നകം പി.ജി. രണ്ടാം സെമസ്റ്റർ പരീക്ഷയുടെയും ക്വസ്റ്റ്യൻ ബാങ്ക് തയാറാക്കും. മാർച്ചിൽ പരീക്ഷ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്.

ബോർഡംഗങ്ങൾക്ക് ഓരോ വിഷയത്തിന്റെയും ചോദ്യ ബാങ്ക് തയാറാക്കുന്നതിന് ചുമതല നൽകും. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്മാരുടെയും വിഷയവിദഗ്ധരുടെയും നേതൃത്വത്തിൽ ക്വസ്റ്റ്യൻ ബാങ്ക് സൂക്ഷ്മപരിശോധനയും നടക്കും. ക്വസ്റ്റ്യൻ ബാങ്കിന്റെ നിലവാരം ഉയർത്തുകയാണ് ലക്ഷ്യം. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ് എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ/39/49/2020)

## അവിനാശ് ആർ. പൈക്ക് ന്യൂട്ടൺ-ഭാഭ പി.എച്ച്ഡി. പ്ലെയ്സ്‌മെന്റ്

ബ്രിട്ടീഷ് കൗൺസിലും കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും സംയുക്തമായി ഏർപ്പെടുത്തിയ ന്യൂട്ടൺ-ഭാഭ പി.എച്ച്ഡി. പ്ലെയ്സ്‌മെന്റ് പ്രോഗ്രാമിലേക്ക് ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിലെ ഗവേഷക വിദ്യാർഥി അവിനാശ് ആർ. പൈ തെരഞ്ഞെടുക്കപ്പെട്ടു. ഇതിലൂടെ ബ്രിട്ടണിലെ ലാൻ കാസ്റ്റർ സർവകലാശാലയിൽ നാലുമാസം വരെ ഗവേഷണം നടത്താനുള്ള സൗകര്യം ലഭിക്കും. പ്രൊഫ. സാബു തോമസിന്റെ കീഴിലാണ് അവിനാശ് ഗവേഷണം നടത്തുന്നത്. ഇന്ത്യയിലെയും ബ്രിട്ടണിലെയും മികച്ച ഗവേഷകർക്ക് ഇരു രാജ്യങ്ങളിലെയും മികച്ച സ്ഥാപനങ്ങളിൽ ഗവേഷണ സഹായം ലഭിക്കുന്നതിനാണ് ന്യൂട്ടൺ-ഭാഭ പി.എച്ച്ഡി. പ്ലെയ്സ്‌മെന്റ് പ്രോഗ്രാം ഇരു രാജ്യങ്ങളും ചേർന്ന് നടപ്പാക്കിയത്.

## ഫോട്ടോ ക്യാപ്ഷൻ

**അവിനാശ് ആർ. പൈ**

(പി.ആർ.ഒ/39/50/2020)

**എ. അരുൺ കുമാർ**